**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 175** **22-07-2021 - ൽ മറുപടിയ്ക്ക്**

**വെന്റിലേറ്റർ നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന വെന്റിലേറ്റർ നിർമ്മിക്കാനുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ; | (എ) | വെന്റിലേറ്റർ വികസന നിർമ്മാണ പദ്ധതിക്കുവേണ്ടി , സാങ്കേതിക സഹായം ലഭിക്കുന്നതിനായി കെൽട്രോണും DEBEL/DRDO ബാംഗ്ലൂർ, ഓഫീസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രം പ്രകാരംDEBEL- ന്റെ സാങ്കേതിക സഹായത്തോടുകൂടി ഒരു പ്രവർത്തന മാതൃകയിലുള്ള വെന്റിലേറ്റർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. അതിനായി ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്ന പ്രവർത്തനവും, DEBEL- ന്റെ മേൽനോട്ടത്തിൽ വെന്റിലേറ്ററിന്റെ ഹാർഡ്വെയർ/സോഫ്റ്റ്വെയർ ഡിസൈൻ ചെയ്യുന്ന പ്രവർത്തനവും പുരോഗമിക്കുന്നു. വെന്റിലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കിയ ശേഷം അതിന്റെ പ്രവർത്തന മോഡൽ DEBEL അംഗീകരിക്കുന്ന മുറയ്ക്ക് യഥാർത്ഥ മോഡൽ തയ്യാറാക്കി ക്ലിനിക്കൽ ട്രയൽസിന് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കോവിഡ് മൂന്നാം തരംഗത്തിന്റെ ഭീഷണി ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി എന്തെല്ലാം നടപടി ഇക്കാര്യത്തിൽ സ്വികരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വെന്റിലേറ്ററിന്റെ ക്ലിനിക്കൽ ട്രയൽസ് പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ അംഗീകൃത ഏജൻസികളുടെ അംഗീകാരത്തോടെ വെന്റിലേറ്റർ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുവാനാണ് കെൽട്രോൺ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷം തന്നെ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനാണ് കെൽട്രോൺ പരിശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ